കാലടി-മഞ്ഞപ്ര റോഡിന്റെ പുനരുദ്ധാരണം

254(1323) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലടി-മഞ്ഞപ്ര റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനത്തിനായി 5 കോടി രൂപയുടെ ഭരണാനുമതി നല്കിയതെന്നാണ്; ടെണ്ടറിനാണോ ക്വട്ടേഷനാണോ അനുമതി നല്കിയിട്ടുള്ളത്;

(ബി) എത്ര തവണ ടെണ്ടറിനായി അപേക്ഷ ക്ഷണിച്ചിരുന്നു; ടെണ്ടറിന് അംഗീകാരം നൽകാതിരുന്നതിന് കാരണം വ്യക്തമാക്കാമോ;

(സി) എന്നാണ് ഈ പ്രവൃത്തിയുടെ ക്വട്ടേഷൻ ക്ഷണിച്ചത്; ആരുടെ ക്വട്ടേഷനാണ് അംഗീകാരം നൽകിയിട്ടുള്ളത്;

(ഡി) ക്വട്ടേഷന് അംഗീകാരം നല്കുന്നതിൽ നേരിട്ട കാലതാമസത്തിന് കാരണം വിശദമാക്കാമോ?

ഉത്തരം

(എ) കാലടി-മഞ്ഞപ്ര റോഡിന്റെ പുനഃരുദ്ധാരണ പ്രവർത്തനത്തിനായി 11-2-2014-ലെ സ.ഉ.(സാധാ) നമ്പർ 209/14/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകി. ടെണ്ടറിനാണ് അനുമതി നൽകിയിട്ടുള്ളത്.

(ബി) 3 തവണ ടെണ്ടർ ചെയ്തു. മൂന്നു തവണയും കരാറുകാരുടെ ഭാഗത്തു നിന്നും പ്രതികരണമുണ്ടായില്ല.

(സി) 24-11-2014-ൽ ക്വട്ടേഷൻ ക്ഷണിച്ചു. M/s Greenworth Infrastructures Pvt. Ltd., പൗർണ്ണമി, വൈറ്റിലയുടെ ക്വട്ടേഷനാണ് അംഗീകാരം നൽകിയിട്ടുള്ളത്.

(ഡി) 24-1-2015-ൽ സർക്കാരിൽ ലഭിച്ച ക്വട്ടേഷനിൽ, LMR & DSR 2014 കംപാരിസൺ റിപ്പോർട്ട് ലഭ്യമല്ലാതിരുന്നതിനാൽ പ്രസ്തുത റിപ്പോർട്ട് ചീഫ് എഞ്ചിനീയറുടെ പക്കൽ നിന്നും ആവശ്യപ്പെട്ടു. റിപ്പോർട്ട് ലഭ്യമാക്കിയതിനെ തുടർന്ന് 6-10-2015-ലെ കമ്മിറ്റിയിൽ പരിഗണിക്കുകയും 12-1-2015-ലെ സ.ഉ. (സാധാ) നമ്പർ 1627/2015/പൊ.മ.വ. പ്രകാരം ടെണ്ടർ അംഗീകരിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly